"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വാണിജ്യ സ്ഥാപനങ്ങൾക്കുള്ള യൂസർ ഫീസ്- സ്പഷ്ടീകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2591/2023/LSGD തീയതി,തിരുവനന്തപുരം, 27-12-2023

---

പരാമർശം:-

1. 15/07/2017 ലെ സ.ഉ (സാധാ)നം 2420/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. 12/08/2020 ലെ സ.ഉ (സാധാ)നം 1496/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
3. 30/07/2023 ലെ കേരള സംസ്ഥാന ചെറുകിട റൈസ് ഫ്ളോർ & ഓയിൽ മില്ലേഴ്സ് അസോസിയേഷൻ സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ്</u>**

ഫ്ളോർ മില്ലുകളിൽ പ്ലാസ്റ്റിക് മാലിന്യം ഇല്ലാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഹരിത കർമ്മസേന യൂസർ ഫീസ് ഈടാക്കുന്നത് ഒഴിവാക്കണമെന്ന് പരാമർശം 3 പ്രകാരം കേരള സംസ്ഥാന ചെറുകിട റൈസ് ഫ്ളോർ & ഓയിൽ മില്ലേഴ്സ് അസോസിയേഷൻ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജൈവ-അജൈവ മാലിന്യങ്ങളില്ലാത്ത സ്ഥാപനങ്ങളോ ബിസിനസ് സംരംഭങ്ങളോ ഇല്ല. അതിനാൽ ഇവരെ യൂസർ ഫീസ് നൽകുന്നതിൽ നിന്നും ഒഴിവാക്കാനാവില്ല. എന്നിരുന്നാലും സ്ഥാപനത്തിലുണ്ടാകുന്ന മാലിന്യത്തിന്റെ അളവ് വിലയിരുത്തി ആയതിനെ അടിസ്ഥാനമാക്കി വാണിജ്യ സ്ഥാപനങ്ങൾക്കുള്ള യൂസർ ഫീസ് തീരുമാനിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ

എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ

മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം

പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി

ഡയറക്ടർ ജനറൽ , കില

മെമ്പർ സെക്രട്ടറി,കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന )

അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ

ഡയറക്ടർ(I&PRD),വെബ് & മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
Date: 27-12-2023 17:41:04

സെക്ഷൻ ഓഫീസർ

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്